സ്റ്റേഷൻ		24.8.98	ശ്രീറാം ഗൗണ്ടർ, മുല്ലത്തറ 2. പഴനിസ്വാമി മുസലിയാർ മകൻ ചെങ്കോടൻ മുതലിയാർ, മുക്കലത്തറ കേസു ചാർജ്ജു ചെയ്തു.
മുത്തങ്ങ	2	ഒ.ആർ. 2000/ 21.12.2000	1. പുതുശ്ശേരി മോഹനൻ, സൺ ഓഫ് രാഘവൻ കുപ്പാടി 2. ഭാസ്കരൻ, കുപ്പാൻകുന്ന്, നീർപ്പുഴ വില്ലേജ് 3. മനോജ് കുമാർ, സൺ ഓഫ് എബ്രഹാം, കുപ്പാടി വില്ലേജ് 4. റഷീദ്, സൺ ഓഫ് മൂസ പത്തന്നൂർ, മലപ്പുറം 5. ബാലൻ, സൺ ഓഫ് ഭരതൻ, നീർപ്പുഴ വില്ലേജ്
ശൂത്രിക്കൽ	1	ഒ.ആർ. 2/99 21.02.2000	സുകുമാരൻ, പസാലിൽ, എരിമുള്ളു പ്ലാക്കൽ, കോന്നി

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നികുതി വിഹിതം സംബന്ധിച്ച് പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ

1 (1824) ശ്രീ. എം.എ. തോമസ് :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം സംബന്ധിച്ച് 10-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ 10-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ ഭേദഗതി ചെയ്യുവാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നതായുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഭേദഗതികൾ സംസ്ഥാനത്തിന് ഗുണകരമാക്കി മാറ്റാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട കേന്ദ്ര നികുതികളായ ആദായ നികുതി, എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ എന്നിവ ഇനി പറയുന്ന രീതിയിൽ പങ്കുവ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കാൻ ശുപാർശ നൽകിയിരുന്നു. ആകെ ലഭിക്കുന്ന ആദായ നികുതിയുടെ 77.5% ഉം എക്സൈസ് തീരുവയുടെ 40% ഉം അധിക എക്സൈസ് തീരുവയുടെ 97.8% ഉം സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കേണ്ടതാണ്. ഇതിനു പുറമേ സംസ്ഥാനങ്ങൾക്കിടയിൽ നികുതി പങ്കുവയ്ക്കുന്നതിനായി ഒരു ബദൽ നികുതി ഫോർമുലയും (ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ സ്കീം) 10-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ആകെ കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 26% സംസ്ഥാനങ്ങൾക്ക് നൽകണം. കൂടാതെ ടാക്സ് റെന്റൽ സംവിധാനം നിർത്തലാക്കുകയും അധിക എക്സൈസ് തീരുവ അടിസ്ഥാന എക്സൈസ് തീരുവയിൽ ലയിപ്പിക്കുകയും വേണം. ഇപ്രകാരം ചെയ്ത ശേഷം കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 3% കൂടി സംസ്ഥാനങ്ങൾക്ക് നൽകണം. അങ്ങനെ ആകെ 29% നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകാനാണ് 10-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

സംസ്ഥാനങ്ങൾക്ക് നൽകുന്ന കേന്ദ്ര വിഹിതം

2 (1825) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതിയിൽനിന്ന് സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതം കുറയ്ക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകുവാൻ സ്വീകരിച്ചിരുന്ന തത്വങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഇപ്പോൾ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം കുറയ്ക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന തത്വങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇപ്പോൾ കുറക്കാനുദ്ദേശിക്കുന്ന രീതിയിൽ സംസ്ഥാനത്തിനു ലഭിക്കുന്ന നികുതി വിഹിതം എത്രയായിരിക്കുമെന്ന് പറയുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) പത്താം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട കേന്ദ്ര നികുതികളായ ആദായ നികുതി, എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ എന്നിവ ഇനി പറയുന്ന രീതിയിൽ പങ്കുവച്ചുകൊണ്ടിരിക്കയാണ്. ആകെ ലഭിക്കുന്ന ആദായ നികുതിയുടെ 77.5% എക്സൈസ് തീരുവയുടെ 40% അധിക എക്സൈസ് തീരുവ

LIBRARY ARCHIVES Kerala Legislative Assembly